<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1929 — 06-02-2019 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## പ്രളയക്കെടുതി നാശനഷ്ടങ്ങളുടെ കണക്കെടുപ്പ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ആർ. രാജേഷ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | പ്രളയക്കെടുതിയിൽ സംസ്ഥാനത്ത് പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകൾ എത്രയെന്നും അതിൽ എത്ര പേർക്ക് വീട് നിർമ്മാണത്തിന് തുക അനുവദിച്ചുവെന്നും ജില്ലതിരിച്ച് വിശദമാക്കാമോ; | എ) | ജില്ലതിരിച്ചുള്ള വീടുകളുടെ വിവരം **അനുബന്ധ**മായി ചേർക്കുന്നു. |
| ബി) | പ്രളയക്കെടുതിയിൽ സംസ്ഥാനത്തിനുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | ബി) | ഉണ്ട്. ഐക്യരാഷ്ട്ര സഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസ്സസ്സ്മെന്റ് (PDNA) റിപ്പോർട്ട് പ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,718 കോടി രൂപയായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. |
| സി) | പ്രസ്തുത നാശനഷ്ടങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച സഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) & ഡി) | ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം സംസ്ഥാനം 5616.77 കോടി രൂപയുടെ ദുരിതാശ്വാസം അനുവദിച്ചിട്ടുണ്ട്. കൂടാതെ 5000 കോടി രൂപയുടെ പ്രത്യേക പാക്കേജും ആവശ്യപ്പെട്ടിരുന്നു. ഇതിൽ ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 2904.85 കോടി രൂപയുടെ അധിക സഹായം കേന്ദ്രം, സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്. |
| ഡി) | സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട തുക അനുവദിക്കുന്നതിന് കേന്ദ്രം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | | |
| ഇ) | പ്രളയ നാശനഷ്ടം പരിഹരിക്കുന്നതിനും നവകേരള സൃഷ്ടിക്കുമായി സംസ്ഥാനം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ഇ) | പ്രളയത്തിന്റെ ഭാഗമായി 2 ദിവസത്തിൽ കൂടുതൽ വീടുകളിൽ വെള്ളം കെട്ടിനിന്ന കുടുംബത്തിന് 10,000/- രൂപയുടെ അടിയന്തിര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതുവരെ 6,87,843 പേർക്ക് 10,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. പ്രളയബാധിതർക്ക് ഭക്ഷ്യ വസ്തുക്കളുടെ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 22 ഇന അവശ്യ സാധനങ്ങളടങ്ങിയ 7,24,352 കിറ്റുകൾ വിതരണം ചെയ്തു. അതിന് പുറമെ 500 രൂപ വിലവരുന്ന ഭക്ഷ്യധാന്യങ്ങളടങ്ങിയ 10,50,838 കിറ്റുകളും വിതരണം ചെയ്തു. 2018-ലെ പ്രളയക്കെടുതികളുമായി ബന്ധപ്പെട്ട് നാശം സംഭവിച്ച വീടുകളുടെ ഡിജിറ്റലടിസ്ഥാന വിവര ശേഖരണം തദ്ദേശ സ്വയംഭരണ വകുപ്പ് |

മുഖാന്തിരം നടത്തിയിട്ടുള്ളതാണ്. വീടുകളുടെ പുനർനിർമ്മാണം/ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് മിനിമം റിലീഫ് കോഡ് നിർണ്ണയിച്ച് അർഹരായ എല്ലാവർക്കും ദുരിതാശ്വാസം അനുവദിക്കുന്നതിന് ഏകീകൃതമായ നിരക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്ന വീടുകൾക്ക് 4,00,000/- രൂപയും ഭാഗികമായി തകർന്ന വീടുകളിൽ 15% വരെയുള്ളതിന് 10,000/- രൂപയും 16 മുതൽ 29% വരെയുള്ളതിന് 60,000/- രൂപയും 30 മുതൽ 59% വരെയുള്ളതിന് 1,25,000/- രൂപയും 60 മുതൽ 74% വരെയുള്ളതിന് 2,50,000/- രൂപയും ആണ് നിശ്ചയിച്ചിരിക്കുന്നത്. സഹകരണ വകുപ്പിന്റെ സഹകരണത്തോടെ കെയർ ഹോം ഭവന പദ്ധതി പ്രകാരവും വീട് നിർമ്മിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 'സുരക്ഷിത കൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭാ തലത്തിലും ഭവന നിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈഫ് മിഷൻ ആണ് ഈ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല. പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീടുകൾ ഇപ്പോഴത്തെ കണക്കനുസരിച്ച് 13362 ആണ്. ആകെ 9341 പേർക്ക് ആദ്യഗഡു സഹായം നൽകി വീട് പണി ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ, കെയർ ഹോം, സന്നദ്ധസംഘടനകൾ എന്നിവ മുഖേന നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. പൂർണ്ണമായും തകർന്ന വീടുകൾ പുനർ നിർമ്മിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. സംസ്ഥാനത്തെ മുൻഗണനേതര കാർഡുകാർക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ച് കിലോ വീതം അരി നൽകി. പ്രളയക്കെടുതിയിൽ രേഖകൾ നഷ്ടപെട്ടവർക്ക് സർവകലാശാല, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപറേഷനുകൾ, കമ്മീഷനുകൾ, ഡയറക്ടറേറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഡ്യൂപ്ലിക്കേറ്റ്/പുതിയ രേഖകൾ നൽകുമ്പോൾ യാതൊരു വിധ ഫീസും ഈടാക്കുവാൻ പാടുള്ളതല്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചു.

പ്രളയത്തിൽ കഷ്ടതകളനുഭവിക്കുന്ന

| | | | |
|---|---|---|---|
| | | | ജനങ്ങൾക്ക് അവരുടെ ജീവനും ജീവനോപാധികളും തിരിച്ചു പിടിക്കാനുള്ള സഹായത്തിലേക്കായി RKLS (Resurgent Kerala Loan Scheme) എന്ന സാമ്പത്തിക സഹായ പദ്ധതി രൂപീകരിച്ച് 1 ലക്ഷം രൂപവരെ വായ്പ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും കുടുംബശ്രീയെ അതിന്റെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. 2.36 ലക്ഷം പ്രളയ ദുരന്ത ബാധിതരായ കർഷകർക്കായി ഇതുവരെ 65 കോടി രൂപയുടെ ധന സഹായം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും വിതരണം ചെയ്തു.<br>പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തരം വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപം നൽകിയിട്ടുണ്ട്.<br>ദുരന്ത ബാധിതമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രദേശത്തെ കർഷകരുടെ ലോണുകളുടെ റിക്കവറി നടപടികൾക്ക് ഒരു വർഷം മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടി സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satelite Phone) നല്കുവാനുള്ള നടപടി സ്വീകരിച്ചു. പ്രാദേശിക അടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി വരുന്നു.<br>വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിൽ വെള്ളം കയറിയ ഉയരം ഉൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കുവാൻ സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Institute, MG University and Kerala State Remote Sensing and Environment Centre എന്നിവരെ ചുമതലപ്പെടുത്തി. പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കുവാൻ ഒരു |

| | | | |
|---|---|---|---|
| | | | മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ ശേഖരിച്ച വിവരം കേന്ദ്ര ജല കമ്മീഷന് ആധികാരിക ഭൂപടം നിർമിക്കുവാൻ നൽകി. ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ എന്നിവ കാരണം വാസയോഗ്യം അല്ലാതായ സ്ഥലങ്ങളിൽ വീടുണ്ടായിരുന്ന ദുരന്ത ബാധിതർക്ക് വാസയോഗ്യമായ സ്ഥലം വാങ്ങുവാൻ 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | ജില്ല | തകർന്ന വീടുകളുടെ എണ്ണം | | തുക അനുവദിച്ച വീടുകളുടെ വിവരം (എണ്ണം) | |
|---|---|---|---|---|---|
| | | പൂർണ്ണമായി തകർന്ന വീടുകളുടെ എണ്ണം | ഭാഗികമായി തകർന്ന വീടുകളുടെ എണ്ണം | പൂർണ്ണമായി തകർന്ന വീടുകൾക്ക് | ഭാഗികമായി തകർന്ന വീടുകൾക്ക് |
| 1 | തിരുവനന്തപുരം | 250 | 2703 | 138 (SDRF വിഹിതംആദ്യ ഗഡുവായി നൽകി) | 1903 |
| 2 | കൊല്ലം | 188 | 3044 | 167 | 2459 |
| 3 | പത്തനംതിട്ട | 638 | 16955 | 375 | 8275 |
| 4 | ആലപ്പുഴ | 1162 | 60927 | 753 | 36764 |
| 5 | കോട്ടയം | 481 | 17681 | 271 | 12189 |
| 6 | ഇടുക്കി | 1802 | 7108 | 488 | 4605 |
| 7 | എറണാകുളം | 2448 | 86341 | 1408 | 31235 |
| 8 | തൃശ്ശൂർ | 3454 | 20874 | 2420 | 16075 |
| 9 | പാലക്കാട് | 1467 | 6475 | 1229 | 5726 |
| 10 | മലപ്പുറം | 495 | 6924 | 258 | 4130 |
| 11 | കോഴിക്കോട് | 216 | 4726 | 116 | 4726 |
| 12 | വയനാട് | 710 | 6950 | 237 | 5110 |
| 13 | കണ്ണൂർ | 162 | 1599 | 162 | 1428 |
| 14 | കാസറഗോഡ് | 42 | 792 | 42 | 792 |

S.O